ARAYA STUDENTS—COLLEGES IN ERNAKULAM

229. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽ നിന്നും സദയം മറുപടി പറയുമോ.—

(എ) എറണാകുളത്തുള്ള കോളേജുകളിൽ ആകെ കൂടി എത്ര അരയ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്;

(ബി) ഇവർക്ക പകുതി ഫീസ്സ് ഇളവു അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) മഹാരാജാസ് കോളേജ്, എറണാകുളം ൪
എസ്സ്. എച്ച്. കോളേജ്, തേവര ൪
ആകെ ൮

(ബി) മഹാരാജാസ് കോളേജിലുള്ള മുന്നു കുട്ടികൾക്ക് അനുവദിച്ചിട്ടുണ്ട്. തേവര കോളേജിലുള്ളവർക്ക് അനുവദിക്കുന്ന കാര്യം ആലോചനയിൽ ഇരിക്കുന്നു.

VICTORY CELEBRATION IN S. R. V. H. S.—BANANAS—PURCHASE OF

230. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി നൽകുമോ:—

(എ) ക ഗ ട ഗ-ാമാണ്ടിൽ വിക്ടറിഡെ സെലിബറേഷനു് എറണാകുളം എസ്സ്. ആർ. വി. ഹൈസ്കൂളിൽ എത്ര ഉപപ്പികയുടെ എത്തപ്പഴം വാങ്ങിച്ചു;

(ബി) എത്ര എത്തപ്പഴം ബാക്കിയുണ്ടായിരുന്നു;

(സി) ബാക്കിയുണ്ടായിരുന്നതു് എന്തുചെയ്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ൪ ഐ കെ. യുടെ.

(ബി) ബാക്കി ഒന്നും ഉണ്ടായിരുന്നില്ല.

(സി) ഉത്തരം ആവശ്യമില്ല.

PURCHASE OF FOOD GRAINS FROM WESTERN AND NORTHERN INDIA

231. **Mr. P. Kumaran Ezhuthassan** *(Vadakkancheri)*: Will Government be pleased to state.—

(*a*) who attends to the purchase of food grains, etc., for Cochin from Western and Northern India at present;

(*b*) whether M/s Kishinchand & Co., of Karachi had not requested the Ministry for Food for giving the work of purchase and export of food materials for Cochin;

(*c*) how do their quotations compare with those that are in vogue now?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) The purchase of foodgrains is arranged by the Governments of the respective surplus areas. The receiving and forwarding work is attended to by M/s Volkart Bros. Inspection is also attended to by them except in the Punjab where it is done by Zonal Inspectors appointed by the Punjab Government. The State Rice Officers appointed by this Government supervise the work of the agents.

(*b*) Yes.

(*c*) Their terms are not more favourable than those offered by M/s Volkart Bros. for 1946—47.

FINANCIAL HELP TO DAILIES

232. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലെ പ്രതിദിനപത്രങ്ങൾക്ക് എതെങ്കിലും രൂപത്തിൽ ധനസഹായം ചെയ്യുന്നതിനു ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അങ്ങിനെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതു് ഏതു വിധത്തിലാണെന്നും പ്രതിമാസം ഓരോ പത്രത്തിനും എത്ര സംഖ്യവീതമാണെന്നും ഗവണ്മെണ്ട് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉണ്ട്.

(ബി) ഈ രാജ്യത്തിലെ ഓരോ പ്രതിദിനപത്രത്തിനും, അതു് അസ്സോഷിയേറ്റഡ് പ്രസ്സ് ഓഫ് ഇന്ത്യാക്ക കൊടുക്കേണ്ടതായ സംഖ്യ കൊടുക്കുന്നതിൽ അതിനെ സഹായിക്കുന്നതിലേക്കായി മാസംതോറും ൨൦൦ക. യിൽ കവിയാത്ത ഒരു സംഖ്യ കൊടുക്കുന്നതിനു ഗവൺമെണ്ടിൽനിന്നും തീരുമാനിച്ചിട്ടുണ്ടു്. എല്ലാ പ്രതിദിനപത്രങ്ങൾക്കും കൂടി ഇതുകൊണ്ടു വേണ്ടിവരുന്ന സംഭാവന മാസത്തിൽ ൧, ൦൦൦ക.യിൽ കവിയുന്നതല്ല.

RICE—SALE OF—PARTICULARS REGARDING

233. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യത്തിനു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

൧൯൪൯, ൧൯൫൦, ൧൯൫൧ ഈ വർഷങ്ങളിൽ കന്നി, മകരം, മിഥുനം, കർക്കടകം എന്നീ മാസങ്ങളിൽ തിരുവാങ്കുളം, മുളന്തുരുത്തി, ആമ്പല്ലൂർ, വടവുകോടു് എന്നീ ഗവൺമെണ്ടു് ന്യായവിലഷാപ്പുകളിൽ റേഷൻകാർഡു പ്രകാരം ചില്ലറയായ അരി എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix V)*

MAHARAJAH'S COLLEGE, ERNAKULAM—ADMISSION IN THE INTERMEDIATE CLASSES

234. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി നൽകുമോ.—

ഈ രാജ്യത്തിൽനിന്നു സ്കൂൾ ഫൈനൽ പരീക്ഷ പാസ്സാകുന്ന കൊച്ചീക്കാർക്കു മഹാരാജാസ് കോളേജിൽ ഇൻറർമീഡിയറ്റു ക്ലാസ്സിൽ പ്രവേശനത്തിനു മുൻഗണന നൽകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

നൽകാം; നൽകി വരുന്നതുമുണ്ടു്.

AYURVEDIC INSTITUTIONS IN THE STATE

235. മിസ്റ്റർ കെ. എ. രാഘവൻ ? താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) കൊച്ചി രാജ്യത്തു ഗവൺമെണ്ടു വകയായും ഗവൺമെണ്ടു സഹായധനം പറ്റുന്നവയുമായി ആകെ എത്ര വൈദ്യസ്ഥാപനങ്ങളാണുള്ളതു് ;

(ബി) ഇവയെല്ലാം ചീഫ് മെഡിക്കൽ ആഫീസർ സന്ദർശിക്കാറുണ്ടോ;

(സി) ഉണ്ടെങ്കിൽ ഓരോന്നും കൊല്ലത്തിൽ എത്ര പ്രാവശ്യം?

റാവുബഹദൂർ ടി. കെ. നായർ :

(എ) ൪൯.

(ബി) ഉവ്വു്.

(സി) എല്ലാം ഒരിക്കലെങ്കിലും സന്ദർശിക്കും; മിക്കതും പലപ്രാവശ്യം.

MR. V. V. KUNJAYYAPPAN—ASSISTANT TEXTILES FIELD OFFICER

236. മിസ്റ്റർ കെ. കൊച്ചുകുട്ടൻ ; താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടിപറയുമോ.—

(എ) മിസ്റ്റർ വി. വി. കുഞ്ഞയ്യപ്പനെ എന്നാണു് അസിസ്റ്റാണ്ടു് ടെക്സ്റ്റൈൽസ് ഫീൽഡാഫീസറായി നിയമിച്ചതു് ;

(ബി) ടിയാന്റെ നിയമനശേഷം ടെക്സ്റ്റൈൽസ് ഫീൽഡാഫീസർമാരായി നിയമിക്കപ്പെട്ടിട്ടുള്ളവർ ആരെല്ലാം;

(സി) അവരുടെ ഓരോരുത്തരുടേയും പരീക്ഷായോഗ്യതയും ടെക്സ്റ്റൈൽസ് ഡിപ്ലോമെണ്ടിൽ അവക്കോരോന്നുക്കുമുള്ള സ്പ്ലീസും എത്രയെത്ര ;

(ഡി) മിസ്റ്റർ കുഞ്ഞയ്യപ്പന്റെ ഗ്രേഡ് എന്തു് ;

(ഇ) അദ്ദേഹത്തിന്റെ നിയമനശേഷം നിയമിതരായിട്ടുള്ള ടെക്സ്റ്റൈൽസ് ഫീൽഡാഫീസർമാരുടെ ഗ്രേഡ് എന്തു് ?

LIBRARY ARCHIVES Kerala Legislative Assembly